**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *465 | 24.10.2016 ൽ മറുപടിക്ക്

## പുതിയ ആരോഗ്യ നയം

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അൻവർ സാദത്ത് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ ആരോഗ്യനയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഏതെല്ലാം മേഖലകൾക്കാണ് നയത്തിൽ ഊന്നൽ നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിവരിക്കുമോ; | (ബി) | 22.08.2016 ലെ സ.ഉ.(സാധാ) നം.2326/16/ആ.കു.വ ഉത്തരവു പ്രകാരം സമഗ്ര ആരോഗ്യ നയം രൂപവൽക്കരിക്കുന്നതിനുവേണ്ടി റിപ്പോർട്ട് തയ്യാറാക്കാൻ 17 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. കേരളം നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. പ്രാഥമികാരോഗ്യ സേവനത്തിനും കുടുംബഡോക്ടർ പദ്ധതിക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ആരോഗ്യ നയമാണ് തയ്യാറാക്കുന്നത്. |
| (സി) | പുതിയ ആരോഗ്യ നയം എന്ന് നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | ആരോഗ്യ നയം തയ്യാറാക്കുന്നതിന് വേണ്ടി രൂപീകരിച്ച സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളുടേയും അഭിപ്രായം ക്രോഡീകരിച്ചതിനുശേഷം നവംബറിൽ അന്തിമ റിപ്പോർട്ട് ടി സമിതി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ